"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

നികുതി വകുപ്പ് - കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ - ശ്രീ. ഷെറഫുദ്ദീൻ എം.സി, അറ്റൻഡർ ഗ്രേഡ് 2, കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, കലവൂർ, ആലപ്പുഴ - അന്യത്ര സേവനം അനുവദിക്കുന്നത് - അനുമതി നൽകി ഉത്തരവാകുന്നു.

നികുതി (എ) വകുപ്പ്

സ.ഉ.(സാധാ) നം.257/2024/TAXES തീയതി,തിരുവനന്തപുരം, 15-03-2024

പരാമർശം:-

1. 20.01.2022 -ലെ എ2/90/2021-നികുതി നം സർക്കാർ കത്ത്.
2. സ.ഉ(സാധാ)നം. 655/2023/നികുതി തീയ്യതി 21.09.2023
3. ശ്രീ. ഷെറഫുദ്ദീൻ എം.സി 20.11.2023- ൽ സമർപ്പിച്ച അപേക്ഷ
4. കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് മാനേജർ (പേഴ്സണൽ & അഡ്മിനിസ്ട്രേഷൻ) -ടെ 24.11.2023 ലെ No. KSDP/PRS/F 288/2023/937 നം കത്ത്
5. കേരള സംസ്ഥാന ബിവറേജസ് കോർപറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 07.02.2024 ലെ 21057/AE11/2022/KSBC നമ്പർ കത്ത്.

<u>ഉത്തരവ്</u>

ആലപ്പുഴ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് -ലെ ഗ്രേഡ് 2 അറ്റൻഡർ ശ്രീ.ഷെറഫുദ്ദീൻ.എം.സി മലപ്പുറം ജില്ലയിൽ കേരള സംസ്ഥാന ബിവറേജസ് കോർപറേഷനിൽ ഓഫീസ് അറ്റൻഡന്റ്/ഷോപ്പ് അറ്റൻഡന്റ് തസ്തികയിൽ അന്യത്ര സേവനം ആവശ്യപ്പെട്ട് പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ശ്രീ. ഷെറഫുദ്ദീൻ എം.സി. യ്ക്ക് കേരള സംസ്ഥാന ബിവറേജസ് കോർപറേഷനിൽ ഓഫീസ് അറ്റൻഡന്റ്/ഷോപ്പ് അറ്റൻഡന്റ് തസ്തികയിൽ അന്യത്ര സേവനം അനുവദിക്കുന്നതിന് എതിർപ്പില്ലെന്ന് കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് മാനേജർ (പേഴ്സണൽ & അഡ്മിനിസ്ട്രേഷൻ) പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ.ഷെറഫുദ്ദീൻ.എം.സി. യ്ക്ക് മലപ്പുറം ജില്ലയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നൽകുന്നതിന് കേരള സംസ്ഥാന ബിവറേജസ് കോർപറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ പരാമർശം (5) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ബിവറേജസ് കോർപറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ശുപാർശ പരിഗണിച്ച്, ആലപ്പുഴ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് -ലെ ഗ്രേഡ് 2 അറ്റൻഡർ ശ്രീ. ഷെറഫുദ്ദീൻ എം.സി. യെ മലപ്പുറം ജില്ലയിൽ കേരള സംസ്ഥാന ബിവറേജസ് കോർപറേഷന്റെ FL 1

ഷോപ്പിൽ ഓഫീസ് അറ്റൻഡന്റ്/ഷോപ്പ് അറ്റൻഡന്റ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

3) ഈ ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് കേരള സംസ്ഥാന ബിവറേജസ് കോർപറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ നിയമന ഉത്തരവ് നൽകേണ്ടതും നിയമന ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് മാതൃവകുപ്പ് ശ്രീ. ഷെറഫുദ്ദീൻ എം.സി. യെ വിടുതൽ ചെയ്യേണ്ടതുമാണ്. വിടുതൽ ചെയ്യുന്ന ജീവനക്കാരന് പകരം മാതൃ വകുപ്പിൽ മറ്റനിയമനം നടത്തുവാൻ പാടുള്ളതല്ല. കോർപ്പറേഷൻ ജീവനക്കാർക്ക് നൽകുന്ന പെർഫോമെൻസ് ഇൻസെന്റീവ്/എക്സ്ഗ്രേഷ്യയ്ക്ക് ശ്രീ.ഷെറഫുദ്ദീൻ.എം.സി. യ്ക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല. ടി നിയമനം ജോലിയിൽ ചേരുന്ന സമയം മുതൽ ഒരു വർഷത്തേക്കോ PSC നിയമനം നടക്കുന്നതുവരെയോ എതാണോ ആദ്യം അതുവരെ മാത്രമായിരിക്കും. ഒരു വർഷം തികയുന്ന / PSC നിയമനം നടക്കുന്ന മുറയ്ക്ക് ടിയാന് കേരള സംസ്ഥാന ബിവറേജസ് കോർപറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ മാതൃ വകുപ്പിലേക്ക് വിടുതൽ നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRAMOD M V
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്സ് ബി.സി. ബെവ്കോ ടവർ, വികാസ് ഭവൻ പി.ഒ. പാളയം, തിരുവനന്തപുരം.
2. മാനേജർ (പേഴ്സണൽ & അഡ്മിനിസ്ട്രേഷൻ), കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്,കലവൂർ, ആലപ്പുഴ- 688522
3. ശ്രീ ഷെറഫുദ്ദീൻ എം.സി. (മാനേജർ (പേഴ്സണൽ & അഡ്മിനിസ്ട്രേഷൻ), കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് മുഖാന്തിരം)
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
6. വെബ്ബ് ആന്റ് ന്യൂ മീഡിയ
7. ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ (നികതി-എ2/37/2024-നികതി).

ഉത്തരവിൻ പ്രകാരം

Signed by
Sreelekha S
Date: 15-03-2024 17:09:47
സെക്ഷൻ ഓഫീസർ